# إرشـــاد الأئـــمـــة


تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا

(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)

للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥


**തീയതി: 27/04/2018.**

**വിഷയം: "ശഅ്ബാൻ 15-ാം രാവ്."**

وَعَسَىٰ أَن تَكْرَهُوا شَيْئًا وَهُوَ خَيْرٌ لَّكُمْ ۖ وَعَسَىٰ أَن تُحِبُّوا شَيْئًا وَهُوَ شَرٌّ لَّكُمْ ۗ وَاللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴿بقرة: ٢١٦﴾

➢ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുക എന്നാൽ അവർ അറിയിച്ച കാര്യങ്ങൾ മനസ്സുകൊണ്ട് ഉറപ്പിച്ച് അംഗീകരിക്കലാണ്. അക്കാര്യത്തിൽ നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് യാതൊരു സ്ഥാന വും ഉണ്ടാകാവതല്ല. നമുക്ക് ഇഷ്ടമില്ലാത്തത് അവർ കൽപ്പിക്കു കയോ ഇഷ്ടമുള്ളത് നിരോധിക്കുകയോ ചെയ്താൽ നമ്മുടെ താ ൽപ്പര്യം മാറ്റിവെച്ച് അത് അംഗീകരിച്ചേ പറ്റൂ.


وَعَسَىٰ أَن تَكْرَهُوا شَيْئًا وَهُوَ خَيْرٌ لَّكُمْ ۖ وَعَسَىٰ أَن تُحِبُّوا شَيْئًا وَهُوَ شَرٌّ لَّكُمْ ۗ وَاللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴿بقرة: ٢١٦﴾


➢ അല്ലാഹുവിന്റെ ഇഷ്ടം, താൽപ്പര്യം എന്നിവ അറിയാനുള്ള ഏക മാർഗ്ഗം നബി (സ്വ)യാണ്.

അതല്ലാത്ത യായൊരു മാർഗ്ഗവും നമ്മുടെ മുന്നിലില്ല. ഖുർആൻ ഖുർആനാണെന്ന് നാം അറിയുന്നതും നബി (സ്വ) യിലൂടെയാണ്.

അതുകൊണ്ട് തന്നെ നബി(സ്വ)യുടെ വാക്ക്, പ്രവൃത്തി, താൽപ്പര്യങ്ങളെ സമ്പൂർണ്ണമായി അനുസരിക്കാൻ ഖുർആൻ കൽപ്പിക്കുന്നു.

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ ﴿حشر: ٧﴾

➢ ഇവ്വിധം അല്ലഹുവിന്റെ താൽപര്യമായി നബി(സ്വ)യെ തൊട്ട് ഉദ്ധരിക്കപ്പെട്ട ഒന്നാണ് ശഅ്ബാൻ 15-ാം രാവിന്റെ സവിശേഷത.

ഈ വിഷയത്തിൽ സ്വഹീഹായ ഹദീസ് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

عَنْ مُعَاذِ بْنِ جَبَلٍ ﷺ أَنَّ رَسُولَ اللهِ ﷺ قال :يَطَّلِعُ اللَّهُ إِلَى جَمِيعِ خَلْقِهِ لَيْلَةَ النِّصْفِ مِنْ شَعْبَانَ فَيَغْفِرُ لِجَمِيعِ خَلْقِهِ إِلَّا لِمُشْرِكٍ أَوْ مُشَاحِنٍ (ابن ماجه)

ഈ ഹദീസ് സ്വഹീഹാണെന്ന് ഉലമാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിൽ ഇത് ഉദ്ധരിച്ചിരിക്കുന്നു. ആധുനീക സലഫീ പണ്ഡിതനായ അൽബാനി പല ഗ്രന്ഥങ്ങളി ലും ഇത് സ്വഹീഹാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:

حديث صحيح، رُوي عن جماعة من الصحابة من طرق مختلفة يَشُدُّ بَعْضُهَا بَعْضاً، وهم معاذ بن جبل، وأبو ثعلبة الخشني، وعبدالله بن عمرو، وأبي موسى الأشعري، وأبي هريرة، وأبي بكر الصديق، وعوف بن مالك، وعائشة. وَجُمْلَةُ الْقَوْلِ أَنَّ الْحَدِيثَ بِمَجْمُوعِ هَذِهِ الطُّرُقِ صَحِيحُ بِلَا رَيْبٍ (سلسلة الصحة:٣/١٣٥)

തിർമുദിയുടെ വ്യാഖ്യാനത്തിൽ പറയുന്നു.

اِعْلَمْ أَنَّهُ قَدْ وَرَدَ فِي فَضِيلَةِ لَيْلَةِ النِّصْفِ مِنْ شَعْبَانَ عِدَّةُ أَحَادِيث مَجْمُوعُهَا يَدُلُّ عَلَى أَنَّ لَهَا أَصْلًا فَهَذِهِ الْأَحَادِيثُ بِمَجْمُوعِهَا حُجَّةٌ عَلَى مَنْ زَعَمَ أَنَّهُ لَمْ يَثْبُتْ فِي فَضِيلَةِ لَيْلَةِ النِّصْفِ مِنْ شَعْبَانَ شَيْءٌ (تحفة الأحوذي)

(=ശഅ്ബാൻ 15-ാം രാവിന്റെ ശ്രേഷ്ഠതയെക്കുറിച്ച് അനേകം ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവ മൊത്തത്തിൽ ഈ രാവിന്റെ മഹ

ത്വത്തിന് അടിസ്ഥാനമുണ്ടെന്ന് അറിയിക്കുന്നു. ഈ രാവിനെ മഹത്വമില്ലെന്ന് വാദിക്കുന്നവർക്കെതിരെ ഇവ പ്രമാണങ്ങളുമാണ്.)

ബിദ്അത്തുകളെ എതിർക്കാനായിട്ടെന്നവിധം ഇബ്നു തൈമിയ്യ രചിച്ച ഒരു ഗ്രന്ഥമാണ് ഇഖ്തിളാഉ സ്വിറാത്വൽ മുസ്തഖീം ലി മുഖാലഫതി അസ്ഹാബുൽ ജഹീം. അതിൽ അദ്ദേഹം പറ യുന്നു.

فَقَدْ رَوَى فِي فَضْلِهَا مِنَ الْأَحَادِيثِ الْمَرْفُوعَةِ وَالْآثَارِ مَا يَقْتَضِي أَنَّهَا لَيْلَةٌ مُفَضَّلَةٌ (اقتضاء الصراط المستقيم لمخالفة أصحاب الجحيم)

(=ശഅ്ബാൻ 15-ാം രാവിന്റെ ശ്രേഷ്ഠതയെക്കുറിച്ച് ഉദ്ധരിക്കപ്പെട്ട ഹദീസുകൾ ആ രാവിന് മഹത്വമുണ്ടെന്ന് ബോധ്യപ്പെടുത്തുന്നു.)
ചുരുക്കത്തിൽ ഈഹദീസ് സ്വഹീഹാണെന്നും തന്മൂലം ഈ രാവിന് പുണ്യമുണ്ടെന്നും വ്യക്തമായി.

➢ എങ്കിൽ ഈ രാവിന്റെ പ്രത്യേകൾ എന്തൊക്കെയണ്? രണ്ട് കാര്യങ്ങൾ മേൽ ഹദീസുകളിൽ തന്നെയുണ്ട്.

(1). അനുഗ്രഹീത രാവ്.

يَطَّلِعُ اللَّهُ = يطلع رَحْمَةُ اللهِ

നമ്മിലും നമ്മുടെ മുഴുവൻ കാര്യങ്ങളിലും അല്ലാഹുവിന്റെ റഹ്മ ത്ത് ചോദിച്ച് വാങ്ങേണ്ട രാത്രിയാണത്.

(2). പാപമോചനരാവ്.

فَيَغْفِرُ لِجَمِيعِ خَلْقِهِ

➢ മറ്റൊന്ന് വാർഷിക റിപ്പോർട്ടിംഗ് നടക്കുന്ന രാവാണ്. മനുഷ്യ കർമ്മങ്ങൾ വർഷത്തിലൊരിക്കൽ ഒന്നായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

عَنْ أُسَامَةَ : قُلْتُ: يَا رَسُولَ اللَّهِ لَمْ أَرَكَ تَصُومُ مِنْ شَهْرٍ مِنَ الشُّهُورِ مَا تَصُومُ مِنْ شَعْبَانَ ، قَالَ : ذَلِكَ شَهْرٌ يَغْفُلُ النَّاسُ عَنْهُ بَيْنَ رَجَبٍ

وَرَمَضَانَ وَهُوَ شَهْرٌ تُرْفَعُ فِيهِ الْأَعْمَالُ إِلَى رَبِّ الْعَالَمِينَ فَأُحِبُّ أَنْ يُرْفَعَ عَمَلِي وَأَنَا صَائِمٌ (أحمد، نسائى، صححه ابن خزيمة)

ഇത് ശഅ്ബാൻ 15ന്റെ രാവിലാണെന്ന് ഉലമാക്കൾ വിശദീകരിച്ചിരിക്കുന്നു.

أَنَّ لَيْلَةَ النِّصْفِ هِيَ الَّتِي تُعْرَضُ فِيهَا أَعْمَالُ السَّنَةِ الْمَاضِيَةِ كَمَا أَنَّهَا تُكْتَبُ فِيهَا جَمِيعُ مَا يَقَعُ فِي السَّنَةِ الْآتِيَةِ (مرقاة)

➢ വരും വർഷത്തെ സ്ഥിതി വിവരങ്ങൾ അല്ലാഹു മലക്കുകൾക്ക് കൈമാറുന്നതും അന്ന് തന്നെയാണ്.

عَنْ عَائِشَةَ أَنّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، كَانَ يَصُومُ شَعْبَانَ كُلَّهُ ، قَالَتْ : قُلْتُ : يَا رَسُولَ اللَّهِ ، أَحَبُّ الشُّهُورِ إِلَيْكَ أَنْ تَصُومَهُ شَعْبَانُ ، قَالَ : " إِنَّ اللَّهَ يَكْتُبُ عَلَى كُلِّ نَفْسٍ مَيِّتَةٍ تِلْكَ السَّنَةَ ، فَأُحِبُّ أَنْ يَأْتِيَنِي أَجَلِي وَأَنَا صَائِمٌ (مسند أبي يعلى الموصلي)

ഇത് ശഅ്ബാൻ 15-ാം രാവിലാണെന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

وَلَا نِزَاعَ فِي أَنَّ لَيْلَةَ نِصْفِ شَعْبَانَ يَقَعُ فِيهَا فَرْقٌ كَمَا صَرَّحَ بِهِ الْحَدِيثُ (تحفة الأحوذي)

(= നിസ്സംശയം ശഅ്ബാൻ 15-ാം രാവിൽ വിവരങ്ങളുടെ കൈമാറ്റം നടക്കുന്നുണ്ട്. ഇക്കാര്യം ഹദീസ് കൊണ്ട് സ്പഷ്ടമായിരിക്കുന്നു.)
ചുരുക്കത്തിൽ അതിശ്രേഷ്ടമായ ഒരു രാവ് കടന്നുവരുമ്പോൾ അതിന്റെ നന്മകൾ ശരിക്കും ഉപയോഗപ്പെടുത്താൻ സാധിക്കണം. യാസീൻ, ഖുർആൻ പാരായണം, ദുആ എന്നിവ കൊണ്ടും മറ്റും. അല്ലാഹു നൽകാമെന്ന് വക്കുമ്പോൾ അത് വാങ്ങലാണ് ബുദ്ധി.

Δ Δ Δ